**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3223** **26-06-2024 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ ദേശീയപാതാ വികസന നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ദേശീയപാത വികസന നിർമ്മാണ പ്രവർത്തനം എത്ര ശതമാനം പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ ദേശീയപാത വികസന ത്തിന്റെ പുരോഗതി സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ജില്ലയിലെ ദേശീയപാത നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ ദേശീയപാത വികസന ത്തിന്റെ പുരോഗതി സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | ദേശീയ പാത വികസനത്തിനിടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ കോടതിയിൽ എത്ര കേസുകളാണുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ദേശീയപാത വികസനത്തിനിടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കാസറഗോഡ് ജില്ലയിൽ 1504 ആർബിട്രേഷൻ കേസുകൾ ഉൾപ്പെടെ ആകെ 1795 കേസുകൾ ഉള്ളതാണ്. കേസുകളുടെ വിശദ വിവരങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത കേസുകളിൽ തീർപ്പായതും തീർപ്പാകാത്തതുമായവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | (സി) പിരിവിന്റെ അതേ മറുപടി |
| (ഇ) | കേസുകൾ തീർപ്പാകാത്തത് കാരണം ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങൾ എവിടെയെല്ലാം മുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഇ) | കാസറഗോഡ് ജില്ലയിൽ 3 കേസുകൾ തീർപ്പാക്കാത്തത് കാരണം ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുടങ്ങിയിട്ടുള്ളതാണ്. ഈ കേസുകൾ മൊഗ്രാൽ, കാസറഗോഡ്, കാഞ്ഞങ്ങാട് എന്നീ വില്ലേജുകളിലാണ്. |
| (എഫ്) | ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ നിർമ്മിച്ച അടിപ്പാതകളുടെയും സർവീസ് റോഡിന്റെയും അശാസ്ത്രീയമായ നിർമ്മാണം മൂലം ജനങ്ങൾ ദുരിതത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; ഇല്ലെങ്കിൽ ഇതേക്കുറിച്ച് പഠിച്ച് പരിഹാര | (എഫ്) | IRC 87-2019 ക്ലോസ് 2.3 പ്രകാരം, ആറുവരി ഹൈവേയുടെ വികസനത്തിന് 60 മീറ്റർ ROW ലഭ്യമായിരിക്കണം. എന്നാൽ, NH 66 ആറു വരിപ്പാതയായി വികസിപ്പിക്കുന്നതിന് കേരളത്തിൽ 45 മീറ്റർ ROW മാത്രമാണ് ലഭ്യമായിട്ടുള്ളത്. സ്ഥലപരിമിതി കാരണം IRC മാനദണ്ഡങ്ങളിൽ നിന്നുള്ള ചില വ്യതിയാനങ്ങൾ ഉണ്ടായിട്ടുള്ളത് ഒഴികെ അത്തരം അശാസ്ത്രീയമായ |

| | | | |
|---|---|---|---|
| | മാർഗ്ഗങ്ങൾ കണ്ടെത്താൻ സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ? | | നിർമ്മാണങ്ങളൊന്നും ഉണ്ടായിട്ടില്ലെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -I**

| Sl No | Project Name | District | Stage | Physical Progress as on 31.05.2024 | Completion date |
|---|---|---|---|---|---|
| 1. | 6 Laning of Tahalapady - Chengala | Kasaragod | Under construction | 72.02 | 31.12.2024 |
| 2. | 6 Laning of Chengala - Nileshwar | Kasaragod | Under construction | 52.268 | 31.12.2024 |
| 3 | 6 Laning of Nileshwar to Thaliparamba | Kasaragod Kannur | Under construction | 46.20 | 31.12.2024 |

<u>**അനുബന്ധം -II**</u>

| കേസുകളുടെ സ്വഭാവം | തീർപ്പായ കേസുകളുടെ എണ്ണം | തീർപ്പാക്കാത്ത കേസുകളുടെ എണ്ണം | ആകെ കേസുകൾ |
|---|---|---|---|
| ആർബിട്രേഷൻ കേസുകൾ | 406 | 1098 | 1504 |
| ഒ പി കേസുകൾ | 24 | 107 | 131 |
| ഒ എസ് കേസുകൾ | 4 | 10 | 14 |
| എൽ എ ആർ കേസുകൾ | 63 | 10 | 73 |
| ഹൈക്കോടതി കേസുകൾ | 40 | 33 | 73 |
| ആകെ | 537 | 1258 | 1795 |